**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 796

05.02.2020 ലെ മറുപടിയ്ക്ക്.

## കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | 2019-20 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലക്ക് എത്ര തുക ലഭ്യമാക്കിയിരുന്നു എന്ന വിവരം വെളിപ്പെടുത്താമോ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് 356 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലക്ക് 39,43,562/- രൂപയാണ് അനുവദിച്ചത്. |
| (ബി) | പ്രസ്തുത തുക ഉപയോഗിച്ച് ഈ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ആരുടെയെല്ലാം ശുപാർശ പ്രകാരമാണ് ഭരണാനുമതിക്കുള്ള തുടർനടപടികൾ സ്വീകരിച്ചതെന്നും വെളിപ്പെടുത്തുമോ; | (ബി) | 1) നിരപ്പേൽ തെക്കേവിള റോഡ് കോൺക്രീറ്റിംഗ് അസി. എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി. കൊട്ടാരക്കരയുടെ എസ്റ്റിമേറ്റ്. ഇത് ഏഴുകോൺ പഞ്ചായത്ത് മുഖേന അയച്ചുതന്ന പ്രൊപ്പോസലാണ്.<br>2) KIP ഇടതുകര മെയിൻ കനാൽ 37500 മീറ്റർ മുതൽ 38500 മീറ്റർ വരെയുള്ള കനാൽ ഇൻസ്പെക്ഷൻ റോഡ് എസ്റ്റിമേറ്റ് 25 ലക്ഷത്തിൽ അധികരിച്ചതിനാൽ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തി ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി ശുപാർശ ചെയ്തതാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. ആയതിനാൽ 2019-20 കാലയളവിൽ കൊട്ടാരക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (സി) | ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ? | (സി) | ജില്ലാതല സമിതി 29.01.2020 ൽ അംഗീകാരം നൽകി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**